(ഡി) താലൂക്ക് ഹോസ്പിറ്റൽ, റാന്നിയിൽ മോർച്ചറി ബിൽഡിംഗിന്റെ നിർമ്മാണം :

നിർമ്മാണ പ്രവൃത്തി നടക്കേണ്ട സ്ഥലത്തിന്റെ മാർഗ്ഗമദ്ധ്യേ സ്ഥാപിച്ചിരിക്കുന്ന ജനറേറ്റർ മാറ്റി സ്ഥാപിക്കാതെ സൈറ്റിലേക്ക് സാധന സാമഗ്രികളും മെഷീൻസും എത്തിക്കാൻ ബുദ്ധിമുട്ടായതുകാരണം സ്ഥലം, കോൺട്രാക്ടർക്ക് കൈമാറാൻ സാധിച്ചിട്ടില്ല. ഈ തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടമ്പ- കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തി

336 (1393) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തുക്കടാരിപ്പൊയിൽ ഇടമ്പ-കണ്ണവം റോഡ് പ്രവൃത്തികൾ കോടതി വ്യവഹാരത്തെത്തുടർന്ന് അനിശ്ചിതമായി നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കോടതി നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദീകരിക്കുമോ ;

(സി) കോടതി നടപടികൾ അനിശ്ചിതമായി നീണ്ടുപോകുന്നത് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസം ഉണ്ടാക്കുന്നതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് മട്ടന്നൂർ എം.എൽ.എ., ചീഫ് എഞ്ചിനീയർക്ക് നിവേദനം നൽകിയതെന്നാണ്;

(ഡി) പ്രസ്തുത നിവേദന പ്രകാരം സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി 2-2-2014-ൽ WA No.1912/2013-ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLPC No.19380/2014 ഫയൽ ചെയ്യുകയും 25-8-2014-ലെ ഇടക്കാല ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2-2-2014-ലെ വിധി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സജീവ പരിഗണനയിലാണ്. 8-12-2014-ൽ ഈ കേസ് വീണ്ടും പരിഗണിക്കുന്നതാണ്.

(സി&ഡി) 21-8-2014-ന് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക അറ്റകുറ്റ പണികൾക്കായി തയ്യാറാക്കിയിട്ടുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമം ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly